പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1909 — 19.06.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി പോസ്റ്റുകൾ കേബിൾ റ്റി.വി. ശൃംഖലയ്ക്ക് അനുവദിക്കുമ്പോൾ ഈടാക്കുന്ന ചാർജ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി.വി. ആവശ്യത്തിന് നൽകുമ്പോൾ ചെറുകിട കേബിൾ ടി.വി ഓപ്പറേറ്റർമാരോടും വൻകിട കമ്പനികളോടും കെ.എസ്.ഇ.ബി. വിവേചനപരമായി പെരുമാറുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേബിൾ ടി.വി ആവശ്യത്തിന് വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുമ്പോൾ ഒരു പോസ്റ്റിന് നിലവിൽ എത്രരൂപയാണ് ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർ, വൻകിട കേബിൾ ടി.വി. കമ്പനികൾ എന്നിവരിൽ നിന്നും കെ.എസ്.ഇ.ബി. ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) വൈദ്യുതി പോസ്റ്റ് വഴി കേബിൾ വലിക്കുന്നതിന് 25-02-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം 01-04-2011 മുതൽ പുതുതായി എഗ്രിമെൻറ് വയ്ക്കുന്നവർക്കും പുതുക്കുന്നവരുമായ കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് നഗര പരിധിയിൽ പോസ്റ്റൊന്നിന് ഒരു വർഷത്തേയ്ക്ക് 311 രൂപയും ഗ്രാമപ്രദേശങ്ങളിൽ അതിൻെറ പകുതിയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത് . നിലവിലുള്ള കരാറുകാർക്ക് പുതുക്കിയ നിരക്ക് എഗ്രിമെൻറ് തീരുന്ന മുറയ്ക്ക് ബാധമാണ്. വർഷം തോറും ടി നിരക്കിൽ 5% വർദ്ധനവ് ഉണ്ടാകും. |
| (സി) 1998 ൽ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് ഒരു പോസ്റ്റിന് 17 രൂപയും വൻകിട കമ്പനികൾക്ക് 10 രൂപയുമായിരുന്നോ ഈടാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ചെറുകിട കേബിൾ ടി.വി ഓപ്പറേറ്റർ എന്നോ, വൻകിട കേബിൾ ടി.വി ഓപ്പറേറ്റർ എന്നോ ഉള്ള വിവേചനം ഇല്ല. |
| (ഡി) 2012 ൽ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്ന് ഒരു പോസ്റ്റിനുള്ള വാടക 108 രൂപയാക്കിയപ്പോൾ ചെറുകിടക്കാരുടെ വാർഷിക വർദ്ധനവ് 12.5% വും വൻകിടക്കാരുടേത് 5% വും ആക്കി നിജപ്പെടുത്തിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വിശദമാക്കാമോ ? | (ഡി) 25-02-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം എല്ലാ കേബിൾ ടി. വി ഓപ്പറേറ്റർമാർക്കും 5% വാർഷിക വർദ്ധനവാണ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.